പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3526   24/06/2013-ൽ മറുപടിക്ക്

## സ്വയം പര്യാപ്ത പട്ടികവർഗ്ഗ ഗ്രാമങ്ങൾ

ചോദ്യം   മറുപടി

ശ്രീ. ഇ.പി.ജയരാജൻ :

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്വയം പര്യാപ്ത പട്ടികവർഗ്ഗ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയ്ക്കായി എന്ത് തുകയാണ് 2012-2013-ൽ നീക്കി വച്ചത്; | (എ) | 2012-13 സാമ്പത്തിക വർഷം സ്വയം പര്യാപ്ത പട്ടികവർഗ്ഗ ഗ്രാമങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പിൽ തുക ഒന്നും നീക്കിവെച്ചിരുന്നില്ല. |
| (ബി) | എത്ര ഗ്രാമങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്തത്; | (ബി, സി, ഡി, ഇ, എഫ്, & ജി) | ബാധകമല്ല. |
| (സി) | ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | | |
| (ഡി) | ആയതിന് എന്ത് മാനദണ്ഡ പ്രകാരമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്; | | |
| (ഇ) | ഏത് ഏജൻസിയാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചത്; ഏത് ഏജൻസിയാണ് പദ്ധതിയിലേയ്ക്ക് പട്ടികവർഗ്ഗ ഗ്രാമങ്ങളെ നിർദ്ദേശിച്ചത്; വ്യക്തമാക്കുമോ; | | |
| (എഫ്) | പ്രസ്തുത പദ്ധതിയിലൂടെ പട്ടികവർഗ്ഗ ഗ്രാമങ്ങളിൽ എന്തു തുകയുടെ വികസനമാണ് നടക്കുന്നത് ; | | |
| (ജി) | പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | | |

| | | | |
|---|---|---|---|
| (എച്ച്) | പ്രസ്തുത പദ്ധതി 2013-2014 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; നടപ്പുവർഷം എന്ത് തുക വകയിരുത്തിയിട്ടുണ്ട്? | (എച്ച്) | സംസ്ഥാനത്ത് 2013-14 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് സ്വയം പര്യാപ്ത പട്ടികവർഗ്ഗ ഗ്രാമങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല.<br>എന്നാൽ അവികസിതമായ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ നടപ്പാക്കേണ്ട പശ്ചാത്തല വികസന പദ്ധതികളും സാമ്പത്തിക വികസന പദ്ധതികളും ലക്ഷ്യമാക്കി പട്ടിക വർഗ്ഗക്കാർക്ക് പ്രതീക്ഷയുടെ ദിശാബോധം നൽകുന്ന തരത്തിൽ ആവശ്യമായ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനു വേണ്ടി ഹാംലറ്റ് ഡവലപ്മെന്റ് എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 20 പട്ടികവർഗ്ഗ സങ്കേതങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി 2013-14 സാമ്പത്തിക വർഷത്തിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ